# പുസ്തക പ്രശ്നം

— എൻ. വി. കൃഷ്ണവാരിയർ —

1972-ാമാണ്ട് 'അന്താരാഷ്ട്രീയ പുസ്തക വർഷം' ആയി ആഘോഷിക്കണമെന്ന് യുനെസ്കോ തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനം ഇന്ത്യാ ഗവർണ്മെണ്ട് അംഗീകരിച്ചിട്ടുണ്ട്.

## എല്ലാവർക്കും പുസ്തകങ്ങൾ

''എല്ലാവർക്കും പുസ്തകങ്ങൾ'' (Books for all) എന്നതാണ് അന്താരാഷ്ട്രീയ പുസ്തക വർഷത്തിന്റെ മുദ്രാവാക്യം. ബഹുജന ബോധനത്തിനുള്ള ഏററവും ശക്തമായ മാധ്യമമായിട്ടുണ്ട് ഇന്നു പുസ്തകങ്ങൾ. പുസ്തക നിർമ്മാണകലയിൽ വന്നു ചേർന്നിട്ടുള്ള വിപ്ളവാത്മകങ്ങളായ സങ്കേതങ്ങളുടെ ഫലമായി ഗുണത്തിൽ മുന്തിയ പുസ്തകങ്ങൾ ചുരുങ്ങിയ വിലയ്ക്ക് വൻതോതിൽ ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ ഇന്ന് ഉണ്ടായിട്ടുണ്ട്. ഇന്നത്തെ സമുദായത്തിൽ, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിൽ, പുസ്തകങ്ങൾ നിർവ്വഹിക്കുന്ന പരമപ്രധാനമായ പങ്കിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് അന്താരാഷ്ട്രീയ പുസ്തക വർഷാഘോഷങ്ങളുടെ ലക്ഷ്യം.

ഇതോടൊപ്പം, പുരോഗമിച്ച രാജ്യങ്ങളിൽ പുസ്തക നിർമ്മാണത്തിലുണ്ടായിട്ടുള്ള പുരോഗതി പിൻനില രാജ്യങ്ങളിലേയ്ക്കു കൂടി വ്യാപിപ്പിക്കുമാറ്, പുസ്തക നിർമ്മാണത്തിൽ അന്താരാഷ്ട്ര സഹകരണം ലഭ്യമാക്കുക കൂടി ഈ ആഘോഷങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

## വിദ്യാഭ്യാസവും ശാസ്ത്രവും

ദരിദ്രമായ നമ്മുടെ രാജ്യത്തെ കഴിയും വേഗത്തിൽ സമ്പന്നമാക്കുകയാണ് നമ്മുടെ മുമ്പിലുള്ള ഏക പ്രശ്നം. ഇതു് സാധ്യമാകണമെങ്കിൽ, പാരമ്പര്യാധിഷ്ഠിതമായ നമ്മുടെ സമുദായത്തെ ശാസ്ത്രബോധാധിഷ്ഠിതമാക്കി മാറേറണ്ടിയിരിക്കുന്നു. ഇതിനുള്ള ഉപകരണം വിദ്യാഭ്യാസമാകുന്നു. വിദ്യാഭ്യാസത്തെ ശാസ്ത്രാധിഷ്ഠിതമാക്കുക എന്നതാണ്, ചുരുക്കിപ്പറഞ്ഞാൽ, വിദ്യാഭ്യാസക്കമ്മീഷന്റെ ശുപാർശ. ഈ ശുപാർശ നാം നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. ശാസ്ത്രബോധം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യ ചെയ്തുകൊണ്ടിരിക്കുന്ന ഭഗീരഥപ്രയത്നങ്ങൾ താഴെ ചേർക്കുന്ന കാര്യങ്ങളിൽനിന്ന് കുറെയൊക്കെ മനസ്സിലാക്കാം.

## പദ്ധതിത്തുകകൾ

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് ഇന്ത്യാ ഗവർണ്മെണ്ട് വകയിരുത്തിയിരുന്നതു് 19 കോടി ഉറുപ്പികയായിരുന്നു. മൂന്നാം പദ്ധതിയിൽ ഇതു് ഏതാണ്ട് ഇരട്ടി (37 കോടി ഉറുപ്പിക) ആയി ഉയർത്തി. ഇപ്പോൾ നടന്നുവരുന്ന നാലാം പദ്ധതിയിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് 115 കോടി ഉറുപ്പിക നീക്കിവെച്ചിരിക്കുന്നു. തയ്യാറാക്കി വരുന്ന അഞ്ചാം പദ്ധതിയിൽ ഈ തുക ഇനിയും വർദ്ധിക്കാതിരിക്കയില്ല.

## സർവ്വകലാശാലകളും ശാസ്ത്രവിദ്യാർത്ഥികളും

1951-ൽ ഇന്ത്യയിൽ 29 സർവ്വകലാശാലകളുണ്ടായിരുന്നു. 1970-71-ൽ സർവ്വകലാശാലകളുടെ എണ്ണം 83 ആയി ഉയർന്നു. 1950-51-ൽ 548 കോളേജുകളുണ്ടായിരുന്നതു് 1969 അവസാനത്തിൽ 2361 ആയിത്തീർന്നു.

1950–51–ൽ വിവിധ സ്ഥാപനങ്ങളിലായി 1,27,168 വിദ്യാർത്ഥികൾ സയൻസ് പഠിച്ചിരുന്നു. 1969–70–ൽ ഇവരുടെ സംഖ്യ 9,14,739 ആയി ഉയർന്നു. സർവ്വകലാശാലാ വിദ്യാർത്ഥികളുടെ 41.5 ശതമാനം 1969–70ൽ സയൻസ് വിദ്യാർത്ഥികളായിരുന്നു. ഈ ശതമാനം ആണ്ടുതോറും 10 കണ്ട് ഏറി വരുന്നതായി കണക്കാക്കിയിരിക്കുന്നു. ഇതനുസരിച്ച് 1974–75 ൽ ഇന്ത്യയിലെ സയൻസ് (മെഡിക്കൽ–ടെക്നോളജി അടക്കം) വിദ്യാർത്ഥികളുടെ എണ്ണം 18,60,000 ആയിരിക്കുമെന്നും, 1984–85 ൽ ഈ സംഖ്യ 48,40,000 ആയി ഉയരുമെന്നും ആണ് ഉദ്ദേശിക്കുന്നത്.

1950–51–ൽ 51 എൻജിനീയറിങ്ങ് കോളേജുകളാണ് ഇന്ത്യയിലുണ്ടായിരുന്നത്. 1969–70–ൽ ഇവയുടെ എണ്ണം 106 ആയി വർദ്ധിച്ചു. 1950-51–ൽ 34 മെഡിക്കൽ കോളേജുകളുണ്ടായിരുന്നവയുടെ എണ്ണം 1969-70–ൽ 125 ആയിത്തീർന്നു. 1950–51–ൽ 16 കൃഷി കോളേജുകളുണ്ടായിരുന്നവ 1969–70–ൽ 54 ആയി; അതേകാലത്ത് മൃഗചികിത്സാ കോളേജുകളുടെ എണ്ണം 7–ൽ നിന്ന് 23 ആയി പെരുകി.

1950–51 ൽ എൻജിനിയറിങ്ങ്— ടെക്നോളജി വിദ്യാർത്ഥികളുടെ എണ്ണം 12,094 ആയിരുന്നു. ഇത് 1967–68 ൽ 1,04,266 ആയി; 1969–70–സ്വല്പം കുറഞ്ഞ് 97,889–ൽ എത്തി. 1950-51–ൽ 15,260 മെഡിക്കൽ വിദ്യാർത്ഥികളുണ്ടായിരുന്നത് ക്രമേണ വർദ്ധിച്ച് 1969–70-ൽ 95,017 ആയിത്തീർന്നു. കാർഷിക വിദ്യാർത്ഥികളുടെ സംഖ്യ 1950—51-ൽ 4744 ആയിരുന്നത് 1969-69 ൽ 53,120 ആയി ഉയർന്നു; 1969-70 ൽ 43,415–ലേയ്ക്ക് താഴ്ന്നു. മൃഗചികിത്സാ വിദ്യാർത്ഥികളുടെ എണ്ണം 1950–51-ൽ 1101 ആയിരുന്നു. 1967-68-ൽ ഇത് 6,610 ആയി ഉയർന്നു; 1969–70 ൽ 6,131 ലേയ്ക്ക് താഴ്ന്നു. ഉദ്യോഗ ലഭ്യതയനുസരിച്ച് ചില്ലറ ഏററക്കുറച്ചിലുകളുണ്ടാകാമെങ്കിലും, സാങ്കേതിക ശാസ്ത്ര വിദ്യാർത്ഥികളുടെ എണ്ണം വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കയാണെന്ന് ഇതിൽനിന്നു കാണാം.

1974-75 ൽ പതിനെട്ടു ലക്ഷത്തറുപതിനായിരം ശാസ്ത്രവിദ്യാർത്ഥികൾ ഇന്ത്യയിലുണ്ടാവുമെങ്കിൽ, അവക്കു പഠിക്കാനാവശ്യമായ പുസ്തകങ്ങളുടെ കഥയോ? പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് സർവ്വകലാശാലാതലത്തിൽ, രണ്ടു ചിത്രങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. ബ്രിട്ടീഷ്-അമേരിക്കൻ പ്രസിദ്ധീകരണങ്ങളിന്മേലുള്ള ഏറക്കുറെ പൂർണ്ണമായ ആശ്രിതത്വമാണ് ഒരു ചിത്രം; മറേറതാകട്ടെ, നിലവാരം കുറഞ്ഞ നോട്ട്—ടാബ്ളെററ്–കാപ്സൂൾ സാഹിത്യത്തിന്മേലുള്ള അതിനേക്കാൾ പിടിമുറുകിയ ആശ്രിതത്വവും.

വിദേശങ്ങളിലുണ്ടാകുന്ന പുസ്തകങ്ങളെ ഒരററം വരെ നാം, പ്രത്യേകിച്ച് നമ്മുടെ അദ്ധ്യാപകരും ഗവേഷകരും വളരെകാലത്തോളം ആശ്രയിക്കേണ്ടിവരും. എന്നാൽ, നമ്മുടെ ആവശ്യങ്ങൾക്കു മതിയായ പുസ്തകങ്ങൾ ഇവിടെ ഉണ്ടായതിനുശേഷം, ചില വിഷയങ്ങളിൽ കൂടുതൽ അഗാധമായ പഠനത്തിനു മാത്രമേ ഈ ആശ്രയം ആകാവൂ. വിദേശീയ ഗ്രന്ഥങ്ങൾ വിദേശീയ സാഹചര്യങ്ങളിലുണ്ടാക്കിയവയും വിദേശീയരുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ നിറവേററാനുദ്ദേശിച്ചുള്ളവയുമാണ്. ഇന്ത്യയിലെ പരിതസ്ഥിതിക്കോ സാമൂഹ്യ വ്യവസ്ഥയ്ക്കോ പററിയവയല്ല അവ. വിദേശങ്ങളിലച്ചടിച്ച പുസ്തകങ്ങളായാലും, വിദേശ സഹകരണത്തോടെ ഇന്ത്യയിലച്ചടിച്ച പുസ്തകങ്ങളായാലും, സ്ഥിതി ഇതുതന്നെ. അതിനാൽ, നമ്മുടെ ആവശ്യത്തിനു പററിയ പുസ്തകങ്ങൾ നാം തന്നെ നിർമ്മിക്കേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥികളുടെ കാര്യമാണ് ഇവിടെ പ്രസ്താവിച്ചത്. ജനസംഖ്യയിലെ ഒരു ചെറിയ ശതമാനം മാത്രമാണ് വിദ്യാർത്ഥികൾ. അക്ഷരജ്ഞാനമുണ്ടെങ്കിലും സർവ്വകലാശാലാ വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാത്ത വിപുലമായ ഒരു ജനസഞ്ചയം അറിവിനു ദാഹിച്ചുകൊണ്ട് നമ്മുടെ രാജ്യത്തു നിവസിക്കുന്നുണ്ട്. ഇവക്കു പററിയ പുസ്തകങ്ങൾ ആയിരക്കണക്കിന് നമ്മുടെ ഭാഷകളിൽ ഉണ്ടാവേണ്ടിയിരിക്കുന്നു.



## ആരെഴുതണം?

ഈ പുസ്തകങ്ങൾ ആർ എഴുതും? ''അദ്ധ്യാപകർ'' എന്നാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. തങ്ങൾ പഠിച്ച് പഠിപ്പിക്കുന്ന വിഷയത്തെക്കുറിച്ച് പൂർണ്ണമായി പഠിക്കാനും, തങ്ങളുടെ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥികളല്ലാത്ത ബഹുജനങ്ങൾക്കും അറിവു നൽകാൻ പററിയ ഗ്രന്ഥങ്ങൾ നിർമ്മിക്കാനും അദ്ധ്യാപകർക്കു ചുമതലയുണ്ട്. ഈ ചുമതല അവർ നിറവേററുകതന്നെ വേണം.

വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിന്റേയും ഭക്ഷ്യപേയങ്ങളായി ഇന്ന് തീർന്നിരിക്കുന്ന നോട്ട്–ടാബ്ളെററ്–ക്യാപ്സൂളുകൾ നിർമ്മിക്കുന്നത് അദ്ധ്യാപകരിൽ ഒരു വിഭാഗമാണെന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എത്ര വേഗം ഈ പാതകം അവസാനിപ്പിക്കുന്നുവോ അത്രയും നല്ലതെന്നേ അതിനെപ്പററി പറയാനുള്ളൂ. തെറേറാ അപൂർണ്ണമോ ആയ വിവരങ്ങൾവെച്ച് ധൃതിയിൽ പടച്ചുവിടുന്ന ഇത്തരം പുസ്തകങ്ങൾ സദ്ഗ്രന്ഥ പാരായണത്തിൽ നിന്ന് വിദ്യാർത്ഥികളെ അകററി നിർത്താനേ ഉപകരിക്കുകയുള്ളൂ.

## പ്രചരിപ്പിക്കുക

നല്ല പുസ്തകങ്ങൾ പ്രചരിപ്പിക്കുന്ന കാര്യത്തിലും അദ്ധ്യാപകർക്ക് ഗണ്യമായ ഒരുത്തരവാദിത്വമുണ്ട്. വിദ്യാർത്ഥികളിൽ വായനശീലം കുറവായി വരുന്നുണ്ടെങ്കിൽ അതിന്റെ കുററം ഏറിയകൂറും അദ്ധ്യാപകരുടേതാണ്. പല നല്ല ശീലങ്ങളുംപോലെ വായനശീലവും ക്ലാസ്സുമുറികളിൽ നിന്ന് വളർന്നു വരേണ്ടിയിരിക്കുന്നു.

ദേശീയ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗവണ്മെണ്ടുകൾ അവയിൽ പുസ്തക വികസന പദ്ധതികൾ കൂടി ഉൾപ്പെടുത്തണമെന്ന് യൂണസ്കോ ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവണ്മെണ്ടിനെ ഉദ്ബുദ്ധമാക്കേണ്ട ചുമതലയും അദ്ധ്യാപകരുടേതാണ്. ജലസേചനത്തിനും വിദ്യുച്ഛക്ത്യുൽപാദനത്തിനും ഗതാഗതത്തിനും വലിയ തുകകൾ നീക്കിവെയ്ക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ജനതയുടെ കർമ്മശക്തിയെ വിജ്ഞാനസേചനത്താൽ ഉദ്ബുദ്ധമാക്കി പ്രവർത്തിപ്പിക്കുന്നതിനും ആശയങ്ങൾ ബഹുജനമദ്ധ്യത്തിൽ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും അനുപേക്ഷണീയമായ ഗ്രന്ഥനിർമ്മാണവും ഗ്രന്ഥപ്രചാരണവും.

പുസ്തക നിർമ്മാണത്തിലും സദ്ഗ്രന്ഥ പ്രചാരണത്തിലും അദ്ധ്യാപകന്മാർക്കുള്ള ചുമതല ഊന്നിപ്പറയാൻ ഈ ''സ്മരണിക''യെ ഉപയോഗപ്പെടുത്തിയത് അനുചിതമായിട്ടില്ലെന്ന വിശ്വാസത്തോടെ ഈ ലേഖനം അവസാനിപ്പിക്കുന്നു.